## പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.798 09.08.2017 ന് മറുപടിയ്ക്ക്.

### വനം വകുപ്പിൽ കോൺട്രാക്ട് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.സി.കെ.ആശ<br>ശ്രീ.വി.ആർ.സുനിൽ കുമാർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിൽ കൺവീനർ സമ്പ്രദായത്തിൽ നടന്നിരുന്ന ജോലികൾ കോൺട്രാക്ട് സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ടോ ; | (എ) വനം വകുപ്പിൽ കൺവീനർ സമ്പ്രദായത്തിൽ നടന്നിരുന്ന ജോലികൾ കോൺട്രാക്ട് സംവിധാനത്തിലേക്ക് മാറ്റാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത സംവിധാനം എന്ന് മുതൽ നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ; | (ബി) കരാർ സമ്പ്രദായം സംബന്ധിച്ച് സർക്കിൾ തലത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. കരാറുകാരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി അടുത്ത വർക്ക് സീസണിന് മുമ്പ് നടപ്പിലാക്കുന്നതാണ്. |
| (സി) കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയാൽ എന്തൊക്കെ മെച്ചങ്ങൾ ഉണ്ടാകുമെന്ന് അറിയിക്കുമോ ? | (സി) കരാർ സംവിധാന പ്രകാരം ഫോറസ്ട്രി ജോലികളിൽ തൊഴിലാളികളുടെ ലഭ്യതയും പ്രവർത്തികളിൽ മത്സര സ്വഭാവവും ഉറപ്പ് വരുത്തുവാൻ കഴിയും. ആയതിനാൽ ഫോറസ്ട്രി ജോലികൾ തൃപ്തികരമായും സമയബന്ധിതമായും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് ഉറപ്പ് വരുത്താം. ഫോറസ്ട്രി പ്രവർത്തികൾക്ക് പ്രാദേശിക സംരംഭകരെ കണ്ടെത്താൻ കഴിയുന്നു. |

Lathesh

സെക്ഷൻ ഓഫീസർ